**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5880** **16-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിൽ കോസ്റ്റൽ റെഗുലേഷൻ സോൺ- II ലേക്ക് ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജനസാന്ദ്രതയും നഗരസ്വഭാവത്തോടു കൂടിയതുമായ കോസ്റ്റൽ റെഗുലേഷൻ സോൺ - III ൽ ഉൾപ്പെട്ട തീരദേശ ഗ്രാമപഞ്ചായത്തുകളെ സി.ആർ.ഇസഡ് - II ലേക്ക് ഉൾപ്പെടുത്തുന്നതിന് എത്ര പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരുന്നത്; | (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 01.09.2022 ൽ കൂടിയ 45- ാം മത് ദേശീയ തീരദേശ പരിപാലന അതോറിറ്റി (NCZMA) യോഗത്തിൽ CRZ III യിൽ ഉൾപ്പെട്ട കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരംമാറ്റുന്ന വിഷയം പരിശോധിച്ചതിൽ, 2019 CRZ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് വിജ്ഞാപനം ചെയ്ത (26.02.2011 തീയതിയിലെ G.O.(Ms) 64/2011/LSGD സർക്കാർ ഉത്തരവിൽ ശിപാർശ ചെയ്തതു പ്രകാരം) 66 കാറ്റഗറി I തീരദേശ ഗ്രാമപഞ്ചായത്തുകളെ CRZ II ഏരിയയുടെ പരിധിയിൽ വരുന്നതായി 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാനിൽ തരം തിരിക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;അറിയിക്കാമോ; | (ബി) | കണ്ണൂർ ജില്ലയിലെ അഴീക്കോട്, ചെറുകുന്ന്, ചിറക്കൽ, ചൊക്ലി, കല്ല്യാശ്ശേരി, കണ്ണപുരം , മാട്ടൂൽ, ന്യൂ മാഹി, പാപ്പിനിശ്ശേരി, രാമന്തളി, വളപട്ടണം എന്നീ ഗ്രാമ പഞ്ചായത്തുകളെയാണ് CRZ- II കാറ്റഗറിയായി തരംമാറ്റുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (സി) | ഇതു സംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ? | (സി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 01.09.2022 ൽ കൂടിയ 45- ാം മത് ദേശീയ തീരദേശ പരിപാലന അതോറിറ്റി (NCZMA) യോഗത്തിൽ 66 കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II ൽ ഉൾപ്പെടുത്തുന്നതിനുള്ള അനുവാദമാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള മാപ്പ് പ്രസിദ്ധീകരിക്കുമ്പോൾ , ടി പഞ്ചായത്തുകൾ CRZ II കാറ്റഗറിയിലേയ്ക്ക് തരം മാറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ